ച്ചിടത്തോളം അനുഭാവപൂർവ്വം കേന്ദ്രഗവൺമെന്റ് പരിഗണിക്കുമെന്നുള്ളതാണ് നിലപാട്. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് ഇക്കാര്യം നിഷേധിച്ചിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടുമാത്രം ഇത് മാറ്റിമാറ്റിവയ്ക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഇത് വളരെ ആവശ്യമാണ്. വീണ്ടും കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ ഇക്കാര്യം കൊണ്ടുവരുന്നതും ഈ ആവശ്യം നിറവേറ്റുന്നതിനുവേണ്ടി ശക്തമായ നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതുമാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ഇതിന്റെ ഗൗരവം കണക്കിലെടുത്ത് പ്രധാനമന്ത്രി ഈ സംസ്ഥാനം സന്ദർശിക്കുന്ന അവസരത്തിൽ ഈ സഭയിലെ എല്ലാ വിഭാഗം ആൾക്കാരും കൂടി ഒരു അഖില കക്ഷി സംഘം എന്ന നിലയിൽ ഇത് ഉടനെ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മുതിരുമോ?

ശ്രീ. കെ. എം. മാണി: ഈ ഗവൺമെന്റിൽ പ്രധാനമന്ത്രിക്ക് വിശ്വാസമുണ്ട്. [illegible] സംഘടനായി ആളുകളെ കൂട്ടിക്കൊണ്ടുവന്നാലേ വിശ്വാസം വരൂ എന്നതിൽ അർത്ഥമില്ല.

(2) പുനലൂർ പേപ്പർമിൽസ് തുടങ്ങിയ വ്യവസായസ്ഥാപനങ്ങളിൽ നിന്നുള്ള ജലമലിനീകരണം

ശ്രീ. തോപ്പിൽ രവി: സർ, വ്യവസായസ്ഥാപനങ്ങളിൽ നിന്നും രാസവസ്തുക്കൾചേർന്ന മലിനജലം കായലുകളിലേയ്ക്കും ആറുകളിലേയ്ക്കും ഒഴുക്കിവിടുന്നതുമൂലം അതിന്റെ കരകളിൽ താമസിക്കുന്ന ആളുകൾക്ക്, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്കും മണലും കക്കയും വാരുന്ന തൊഴിലാളികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ് ഞാനാഗ്രഹിക്കുന്നത്. ഇക്കാര്യം ഇതിനുമുമ്പും ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. പക്ഷേ ആശാവഹമായമാറ്റം ഇക്കാര്യത്തിൽ ഉണ്ടായതായി തോന്നുന്നില്ല. കൊല്ലം ജില്ലയിലെ പുനലൂർ പേപ്പർ മിൽസ്, കുണ്ടറ ട്രാവൻകൂർ കെമിക്കൽ മാനുഫാക്ചറിംഗ് കമ്പനി, ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി, അലിൻഡ് സ്റ്റീൽവയർ പ്ലാന്റ് തുടങ്ങിയ ഫാക്ടറികളിൽനിന്നും രാസവസ്തുക്കൾ ചേർന്ന മലിനജലം കല്ലടയാറിലേയ്ക്കും കുണ്ടറയിലേയ്ക്കും, അഷ്ടമുടി കായലിലേയ്ക്കും തുറന്നുവിടുന്നതുമൂലം അവിടെയുള്ള മത്സ്യത്തൊഴിലാളികളും കർഷകരും മണൽവാരിയും കക്കവാരിയും ജീവിക്കുന്ന തൊഴിലാളികളും വളരെ ദുരിതത്തിലാണ്. ഇതിൽ പ്രധാനം പുനലൂർ പേപ്പർ മിൽസ് ആണ്. 135 ലക്ഷം ലിറ്റർ വെള്ളം ഒരു ദിവസം പുനലൂർ പേപ്പർ മില്ലിൽനിന്നും അവിടത്തെ ആവശ്യം കഴിഞ്ഞ് കല്ലടയാറിലേയ്ക്ക് തുറന്നുവിടുകയാണ്. ഫാക്ടറികളിൽ ഉപയോഗിക്കുന്ന വെള്ളം ആറുകളിലേയ്ക്കും കായലിലേയ്ക്കും ശുദ്ധീകരിക്കപ്പെടാതെ തുറന്നുവിട്ടുകൂടായെന്ന് വ്യക്തമായ വ്യവസ്ഥകളും നിയമങ്ങളും ഈ സംസ്ഥാനത്ത് ഉണ്ട്. ഇത് സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനും അത് പാലിക്കുന്നുണ്ടെന്ന് നോക്കാനും ജലമലിനീകരണ നിയന്ത്രണ ബോർഡ് നിലവിലുണ്ടെങ്കിലും ചോദിക്കാനും പറയാനും ആരുമില്ല എന്ന സ്ഥിതിയിലാണ് പല വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. പ്രത്യേകിച്ച് പുനലൂർ പേപ്പർ മിൽസ് ഈ രാജ്യത്തുള്ള ഒരു ചട്ടവും നിയമവും തങ്ങൾക്ക് ബാധകമല്ലായെന്ന നിലയിൽ മുന്നോട്ടുപോവുകയാണ്. കല്ലടയാറിന്റെ ഇരുകരകളിലുമുള്ള 16 പഞ്ചായത്തുകളിലായി നാലുലക്ഷത്തോളം വരുന്ന ആളുകളാണ് ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കെടുതിയനുഭവിക്കുന്നത്. അഷ്ടമുടിക്കായലിലേയും കാഞ്ഞിലോട്ടുകായലിലേയും ശുദ്ധജലത്തിലാണ് മീൻ വന്ന് മുട്ടയിടുന്നത്. അഷ്ടമുടിക്കായൽ മലിനീകരിക്കപ്പെട്ടതിനെതുടർന്ന് മൽസ്യങ്ങളുടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് വേനൽക്കാലത്ത് പണിയെടുക്കാൻ സാധിക്കുന്നില്ല. അതിന്റെ ഇരുകരകളിലുമുള്ള തെങ്ങുകളും മഞ്ഞളിച്ച് ഓലകളും ദ്രവിച്ചുപോവുകയാണ്. ഓല മെടയുമ്പോഴേക്കും തന്നെ പൊടിഞ്ഞുപോകുന്നു. മൽസ്യത്തൊഴിലാളികളുടെ വള്ളവും വലയും പെട്ടെന്ന് ദ്രവിച്ചുപോകുന്ന ഒരു സ്ഥിതിയാണുള്ളത്. ഈ കായലിലെ വെള്ളം നാലുലക്ഷത്തോളം ആളുകൾ കുളിക്കാനും മുണ്ടുകഴുകാനുമായി ഉപയോഗിക്കുന്നുണ്ട്. ഈ കായലിലേയ്ക്ക് ഇറങ്ങിചെല്ലുന്ന ആളുകളുടെ ദേഹമൊക്കെ ചൊറിഞ്ഞുതടിക്കുന്നു. കന്നുകാലികൾക്ക് ഈ വെള്ളം ഉപയോഗിക്കുവാൻ പാറാത്തതുമൂലം വളരെ പ്രയാസമനുഭവിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് വേനൽക്കാലത്ത് തൊഴിൽ കിട്ടുന്നില്ല. പത്തനാപുരം, കൊട്ടാരക്കര, കുന്നത്തൂർ, കൊല്ലം ഈ നാല് താലൂക്കുകളിലൂടെയാണ് കല്ലടയാർ ഒഴുകുന്നത്. ഇത്രമാത്രം ബുദ്ധിമുട്ടുകളുണ്ടായിട്ടും പുനലൂർ പേപ്പർ മിൽസ് ഇതുവരേയും ശാസ്ത്രീയമായി ജലം ശുദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ തയ്യാറാകുന്നില്ല. കാരണം ലക്ഷക്കണക്കിന് രൂപ ഇതിനാവശ്യമായതുകൊണ്ടാകാം. അതുപോലെതന്നെയാണ് ചീനികഴുകി ലക്ഷ്മി സ്റ്റാർച്ചിൽനിന്നും വിടുന്ന വെള്ളം കാഞ്ഞിരോട്ട് കായലിൽ വീഴുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട്. മഴക്കാലമാകുമ്പോഴേക്കും വെള്ളം കൂടുതലുള്ളതുകൊണ്ട് ഒഴുക്കുണ്ടാകും. വേനൽക്കാലത്ത് ഒഴുക്കുകുറവുള്ള സമയത്ത് ചീനികഴുകി പുറത്തേയ്ക്കു വിടുന്ന വെള്ളത്തിൽ തീപ്പെട്ടിക്കോൽ ഉരച്ച് കായലിലേയ്ക്ക് ഇട്ടാൽ കത്തുന്ന ഒരു സ്ഥിതിയിലാണ് ആ കായൽ കിടക്കുന്നത്. ഇതുമൂലംമൽസ്യത്തൊഴിലാളികളും കർഷകരും അനുഭവിക്കുന്ന യാതനയ്ക്ക് അതിരില്ല. കുന്നത്തൂർ, കിഴക്കേ കല്ലട, പടിഞ്ഞാറെ കല്ലട, പവിത്രേശ്വരം തുടങ്ങിയ പഞ്ചായത്തുകളിൽ പുഞ്ചകൃഷിചെയ്യാൻ ശുദ്ധജലം കിട്ടുന്നില്ല. ഇത് കണക്കിലെടുത്തുകൊണ്ട് ഈ ജലമലിനീകരണത്തിനുത്തരവാദിയായ സ്ഥാപനം അത് എത്ര മികച്ചതായാലും ആ സ്ഥാപനത്തിനെതിരെ കർശനമായ നടപടിയുണ്ടായേതീരൂ. പതിനായിരക്കണക്കിനാളുകൾ അനുഭവിക്കുന്ന ഈ ബുദ്ധിമുട്ടുകൾക്ക് ഫലപ്രദമായി ഗവൺമെന്റുഭാഗത്തുനിന്നും നടപടി സ്വീകരിക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നാല് ഫാക്ടറികളിൽ പുനലൂർ പേപ്പർ മിൽസ്, കുണ്ടറ ട്രാവൻകൂർ കെമിക്കൽ മാനുഫാക്ച്ചറിങ് കമ്പനി, ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി, അലൂമിനിയം ഇൻഡസ്ട്രീസ് എന്നിവ മലിനീകരണം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സംവിധാനത്തെക്കുറിച്ച് മലിനീകരണനിയന്ത്രണബോർഡ് പരിശോധിക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തു. പുനലൂർ പേപ്പർ മില്ലിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. മൂന്ന് മാസം കൊണ്ട് കംപ്ലീറ്റ് ചെയ്യുമെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. അതിന്റെ പ്രവർത്തനവും നടക്കുകയാണ്. ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറിയിലെ ട്രീറ്റുമെന്റ് പ്ലാന്റിന്റെ പ്രവർത്തനം നടക്കുകയാണ്, ഡിസംബറിൽ കംപ്ലീറ്റ് ചെയ്യുമെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. ഡിസംബറോടുകൂടി അതും ശരിയായി പ്രവർത്തനം തുടങ്ങും. അലൂമിനിയം ഇൻഡസ്ട്രീസിൽനിന്ന് മലിനീകരണം ഉണ്ടായിട്ടില്ല എന്നാണ് കാണുന്നത്. ഇപ്പോഴുള്ള സംവിധാനംതന്നെ അതിന

LIBRARY ARCHIVES Kerala Legislative Assembly

സഫിഷ്യൻറാണ്. അതുകൊണ്ട് അവിടെ പ്രോബ്ലം വരുന്നില്ല. അലൂമിനിയം ഇൻഡസ്ട്രീസിനെ സംബന്ധിച്ചിടത്തോളം അവിടെനിന്ന് മലിനജലം വരുന്നില്ല. അവിടെനിന്നും ഉണ്ടാകുന്ന പ്രോഡക്ട്സ് പുറത്തു വന്ന് മലിനീകരിക്കപ്പെടുന്നു എന്നുള്ള പരാതികളുണ്ട്. അത് സംബന്ധിച്ചും ആവശ്യമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. ഈ നാല് ഫാക്ടറികളെ സംബന്ധിച്ചും നമ്മുടെ ബോർഡ് വളരെ കാര്യക്ഷമമായി നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം ഇതിനുമുമ്പും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അതേക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കാൻ ബോർഡ് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അത് ഒന്നുകൂടി ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്യാം.

III സബ്മിഷൻ

(1) സ്പോർട്ട്സ് കോംപ്ലക്സ്

ശ്രീ. എം. എം. ഹസ്സൻ: നിർദ്ദിഷ്ടമായ സ്പോർട്ട്സ് കോംപ്ലക്സ് കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കാമ്പസിൽ സ്ഥാപിക്കണമെന്ന് കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിച്ചിരുന്നു. അന്ന്, സ്ഥലത്തെ സംബന്ധിച്ചുള്ള ഒരു ബുദ്ധിമുട്ടാണ് ഗവൺമെൻറിനെ ഭാഗത്തുനിന്നും മറുപടിയായി പറഞ്ഞത്. അതിനു ശേഷം ഈ ജില്ലയിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം. എൽ. എ. മാരും സ്പോർട്ട്സ് കൗൺസിലിൻെറ ഭാരവാഹികളെല്ലാം കൂടി ചേർന്ന് ഒരു കർമ്മസമിതി രൂപീകരിച്ച്, ഞങ്ങൾ യൂണിവേഴ്സിറ്റി വൈസ് ചാൻസിലറേയും ബഹുമാനപ്പെട്ട സ്പോർട്ട്സ് മന്ത്രിയേയും കണ്ട് സംസാരിച്ചു. നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടും ഞാൻ ഈ കാര്യം സംസാരിച്ചു. അവരെല്ലാം ഇക്കാര്യത്തിൽ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. സ്ഥലത്തെ സംബന്ധിച്ചുള്ള സാങ്കേതിക പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നുള്ള പൂർണ്ണമായ പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. നമ്മുടെ ഗവൺമെൻറ് നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി ഇതിന് ഏറ്റവും പറ്റിയ സ്ഥലം കാര്യവട്ടമാണെന്ന് പ്രഖ്യാപിച്ച അവസരത്തിൽ സ്ഥലത്തെ സംബന്ധിച്ചുള്ള പ്രശ്നത്തിൻെറ പേരിൽ ഗവൺമെൻറ് ഇതിനകത്ത് ഒരല്പം റിസർവേഷൻ കാണിച്ചു. അതുകൊണ്ട് സ്ഥലത്തെ സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കാൻ കഴിയുന്ന ഈ പശ്ചാത്തലത്തിൽ ഗവൺമെൻറ് ഇതിനെ സംബന്ധിച്ചുള്ള ഒരു തീരുമാനമെടുക്കണമെന്നും അത് പ്രഖ്യാപിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട സ്പോർട്ട്സ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, കഴിഞ്ഞ തവണ ഈ പ്രശ്നം വന്നപ്പോഴും മറുപടി പറഞ്ഞതാണ്. കാര്യവട്ടത്ത് സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കണമെന്നുള്ളത് തന്നെയായിരുന്നു ഗവൺമെൻറിൻെറ ആദ്യത്തെ ആലോചന. ടെക്നിക്കൽ കമ്മിറ്റിയുടെ നിലവിലുള്ള സൗകര്യങ്ങൾവച്ചുകൊണ്ട് ആ സ്ഥലം നിർദ്ദേശിച്ചിരുന്നു. പക്ഷേ സ്ഥലം കിട്ടാത്തതുകൊണ്ടാണ് ആ നടപടിയുമായി നമുക്ക് മുന്നോട്ട് പോകാൻ കഴിയാത്തത്. ബഹുമാനപ്പെട്ട ഹസ്സൻെറ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റി (ഗതാഗതവകുപ്പുമന്ത്രി, ശ്രീ. പങ്കജാക്ഷൻ, ശ്രീ. ശങ്കരനാരായണപിള്ള, ശ്രീ. പർക്കല രാധാകൃഷ്ണൻ, ശ്രീ. ജി. കാർത്തികേയൻ തുടങ്ങിയുള്ള എം. എൽ. എ. മാരും സ്പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly